

ടിനി ഫിലിപ്പ്

*The Contrarian Consultant*

*ഇന്ത്യയിലും ജി.സി.സി രാഷ്ട്രങ്ങളിലുമായി സ്ഥായിയായ ബിസിനസ് മോഡലുകൾ വളർത്തിയെടുക്കുന്നതിനുവേണ്ടി ദീർഘകാല അടിസ്ഥാനത്തിൽ സംരംഭകരുമായി ചേർന്ന് പ്രവർത്തിക്കുന്ന ബിസിനസ് അഡ്വൈസറാണ് ലേഖകൻ. 1992ൽ IIM(L) ൽ നിന്ന് PGDM എടുത്തതിനുശേഷം ബിസിനസ് അഡ്വൈസറായി പ്രവർത്തനം ആരംഭിച്ച അദ്ദേഹം റിസൾട്ട്സ് കൺസൾട്ടിംഗ് ഗ്രൂപ്പിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറാണ്. email: tinyphilip@gmail.com, website: www.we-deliver-results.com*

# ബിസിനസ് ആരംഭിക്കുന്നവർ പരിശോധിക്കേണ്ട 3 ഘടകങ്ങൾ

**വിവിധ ബിസിനസ് ആശയങ്ങളുമായി നടക്കുന്നവർക്ക് മികച്ചത് തിരഞ്ഞെടുക്കാനുള്ള വഴി**

നിങ്ങളുടെ ആദ്യ സംരംഭം വിജയകരമാകാൻ ആവശ്യമായ ഘടകങ്ങളെ കുറിച്ചാണ് മുൻ ലക്കത്തിൽ ഞാൻ സൂചിപ്പിച്ചിരുന്നത്. അവ എന്തൊക്കെയെന്ന് ചിത്രം ഒന്നിൽ പരിശോധിക്കാം.

***Figure 1: Ingredients for starting your first business successfully***




സംരംഭകത്വ മനോഭാവം ഉണ്ടായിരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് കഴിഞ്ഞ ലക്കത്തിൽ വിശദമാക്കിയിരുന്നു. ശരിയായ ഉൽപ്പന്നവും/ സേവനവും ശരിയായ വിപണിയും എന്ന ഘടകത്തെ കുറിച്ച് ഈ ലക്കത്തിൽ വിശദമാക്കാം.

മികച്ച ആസൂത്രണവുമായി ആരംഭിക്കുന്ന ബിസിനസുകളെ സംബന്ധിച്ചിടത്തോളം ഈ ഘടകം വളരെ പ്രധാനമാണ്. സംരംഭകരാകാൻ ആഗ്രഹിക്കുന്ന മിക്കവരും അവരുടെ യഥാർത്ഥ ബിസിനസ് തുടങ്ങുന്നതിന് മുമ്പ് നിരവധി ബിസിനസ് ആശയങ്ങളുമായി എത്താറുണ്ട്. എന്നാൽ അവരിൽ ഭൂരിഭാഗം പേർക്കും ഈ ആശയങ്ങൾ എങ്ങനെ ശരിയായ വിധത്തിൽ വിലയിരുത്തണമെന്ന് അറിയില്ല എന്നതാണ് പ്രശ്നം.

സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്നവർ തന്റെ ബിസിനസ് ആശയം കൊണ്ട് ആവശ്യത്തിന് പണം ഉണ്ടാക്കാനാകുമോ എന്നതാണ് ആദ്യം വിലയിരുത്തേണ്ടത്.

മിക്ക സംരംഭകരും അവരുടെ ആദ്യ സംരംഭം തുടങ്ങുന്നത് പരിമിതമായ മൂലധനം ഉപയോഗിച്ചായിരിക്കും എന്ന് ഓർക്കണം. ബിസിനസ് തുടങ്ങിയ ഉടനെ, അവരുടെ ജീവിതം മുന്നോട്ട് കൊണ്ടുപോകാനും ബിസിനസ് വിപുലീകരണത്തിനുമുള്ള പണം അതിൽ നിന്ന് ഉണ്ടാക്കേണ്ടതുണ്ട്.

ഒരു ബിസിനസ് ആശയം കൊണ്ട് നിങ്ങൾക്ക് മതിയായ പണം ഉണ്ടാക്കാനാകുമോ എന്നറിയാൻ താഴെ പറയുന്ന മൂന്ന് ഘടകങ്ങൾ അടിസ്ഥാനമാക്കി പരിശോധിക്കണം.




- **ഗ്രോസ് പ്രോഫിറ്റ് മാർജിൻ (GPM):** വിൽപ്പന നടത്തിയ സാധനങ്ങളുടെ ചെലവും വിറ്റ വിലയും തമ്മിലുള്ള വ്യത്യാസം.
- **വളരാനുള്ള സാധ്യത [Scalability (S)]:** ബിസിനസ് വളർത്താൻ എത്രമാത്രം എളുപ്പമാണ്.
- **വിപണിയുടെ വലുപ്പം [Market Size-(MS)]:** നിങ്ങൾ ലക്ഷ്യംവെയ്ക്കുന്ന വിപണി എത്രമാത്രം വലുതാണ്.

മതിയായ പണം ഉണ്ടാക്കുന്നുണ്ടോ എന്നറിയാനുള്ള ലളിതമായ സൂത്രവാക്യം താഴെ കൊടുക്കുന്നു:

*Making Sufficient Money = GPM x S x MS*

- ഈ മൂന്ന് ഘടകങ്ങളും വളരെ വലുതാണെങ്കിൽ ബിസിനസ് ആശയം വളരെ മികച്ചതെന്ന് പറയാം.
- മൂന്ന് ഘടകങ്ങളും ചെറുതാണെങ്കിൽ ബിസിനസ് ആശയം മോശമാണ്, അതുമായി മുന്നോട്ട് പോകരുത്.
- മൂന്നു ഘടകങ്ങളിൽ രണ്ടെണ്ണമെങ്കിലും വളരെ വലുതാണെങ്കിൽ നിങ്ങളുടെ ബിസിനസ് ആശയം ന്യായയുക്തമാണ്. അതുമായി മുന്നോട്ട് പോകാം.

ഈ മൂന്ന് ഘടകങ്ങൾ വിലയിരുത്തി വേണം ബിസിനസ് ആരംഭിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മറ്റു ഘടകങ്ങളെ കുറിച്ച് വരും ലക്കങ്ങളിൽ വിശദമാക്കാം. ■

ഒരു ധനം പ്രസിദ്ധീകരണം

**പ്രമുഖരുടെ ഉള്ളിലിരുപ്പ് എന്താണ്?**

രാഷ്ട്രീയം, സിനിമ, ബിസിനസ്, സാമൂഹ്യപ്രവർത്തനം തുടങ്ങിയ വ്യത്യസ്ത മേഖലകളിൽ നിന്നുള്ള പ്രമുഖ വ്യക്തിത്വങ്ങളുടെ ഇഷ്ടങ്ങൾ, ഇഷ്ടക്കേടുകൾ, പ്രിയപ്പെട്ട ഓർമകൾ... പുസ്തക രൂപത്തിൽ.

പ്രശസ്തരെ കൂടുതൽ മനസിലാക്കാം. അവരുടെ ജീവിതത്തെ അടുത്തറിയാം. അവർക്ക് വിജയങ്ങൾ നേടിക്കൊടുത്ത ശീലങ്ങൾ സ്വായത്തമാക്കാം.

**വില ₹300. പേജ് 210**






*To buy online visit* **subscribe.dhanamonline.com**

BUSINESS MEDIA

**Dhanam Publications Pvt. Ltd.**
Ph: 0484 – 2315840, 2316494, Mobile: 9072570051
Email: subscription@dhanam.in

**Bank Transfer (within India)**
A/c. Name: DHANAM PUBLICATIONS PVT. LTD.
A/c. No. : 002433000000015
Bank: Indian Overseas Bank. Branch: Ernakulam
IFSC: IOBA0000024